കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് - കോടഞ്ചേരി ഗ്രാമപഞ്ചായത്ത്- എൽ.ഇ.ഡി തെരുവ് വിളക്കുകൾ സ്ഥാപിക്കൽ - അക്രഡിറ്റഡ് ഏജൻസിയായ കെൽ എന്ന സ്ഥാപനത്തിന് ബിൽ തുകകൾ അനുവദിക്കുന്നതിന് പ്രത്യേകാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

തദ്ദേശ സ്വയം ഭരണ (ഡി എ) വകുപ്പ്

സ.ഉ(സാധാ)നം. 3036/2018/തസ്വഭവ തിരുവനന്തപുരം, തീയതി, 30.11.2018.

---

പരാമർശം : 1) കോടഞ്ചേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 28.03.2018 ലെ എ 4-7347/17 നമ്പർ കത്ത്

2) വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 31/10/2018 ലെ 4.30 നമ്പർ യോഗതീരുമാനം.

**ഉത്തരവ്**

കോടഞ്ചേരി ഗ്രാമപഞ്ചായത്ത് വിവിധ ഇടങ്ങളിൽ തെരുവ് വിളക്ക് സ്ഥാപിക്കുന്നതിന് ധനകാര്യ കമ്മിഷൻ ഗ്രാന്റ് വിഹിതം 15 ലക്ഷം രൂപ വകയിരുത്തി 2017-18 വർഷത്തിൽ പ്രോജക്ട് രൂപീകരിച്ച് ഡി.പി.സി അംഗീകരിക്കുകയും സർക്കാർ അക്രഡിറ്റഡ് ഏജൻസിയായ കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എൻജിനീയറിംഗ് കമ്പനിയിൽ നിന്നും യൂണിറ്റ് ഒന്നിന് 3800 രൂപ നിരക്കിൽ നേരിട്ട് വാങ്ങുന്നതിന് തീരുമാനിക്കുകയും ആയത് പ്രകാരം തെരുവ് വിളക്കുകൾ സ്ഥാപിക്കുകയും ചെയ്തു. ടി തുക KEL ന് നൽകാൻ അനുമതി നൽകണമെന്ന് പരാമർശം (1) പ്രകാരം കോടഞ്ചേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അഭ്യർത്ഥിക്കുകയുണ്ടായി.

2) ഇക്കാര്യം 31/10/2018 ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി പരിശോധിച്ചു. പ്രോജക്ട് കൺസൾട്ടന്റ് ആയ ഏജൻസിയെ പ്രവൃത്തി ഏൽപ്പിച്ചത് നിർവഹണ ഉദ്യോഗസ്ഥന്റെ ഭാഗത്തുനിന്നുള്ള പിഴവാണെന്നും , ആയതിനാൽ ഇത്തരം അശ്രദ്ധ ഇനി ആവർത്തിക്കരുത് എന്ന വ്യവസ്ഥയോടെയും ടി യോഗത്തിന്റെ പരാമർശം (2)ലെ തീരുമാന പ്രകാരം കോടഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ പ്രോജക്ട് നമ്പർ 137/18 തെരുവ് വിളക്ക് സ്ഥാപിക്കലും എ.എം.സി യും എന്ന പ്രോജക്ട് പ്രകാരം ആവശ്യമായ 336 തെരുവ് വിളക്കുകൾ നേരിട്ട് വാങ്ങി സ്ഥാപിച്ചതിന്റെ ബിൽ തുക കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എൻജിനീയറിംഗ് കമ്പനി ലിമിറ്റഡിന് നൽകുന്നതിന് പ്രത്യേക അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

പാറ്റ്സി സ്റ്റീഫൻ

ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പ്രസിഡന്റ് , കോടഞ്ചേരി ഗ്രാമപഞ്ചായത്ത്,കോടഞ്ചേരി പി.ഓ,കോഴിക്കോട് - 673580

ചെയർമാൻ, സംസ്ഥാനറിസോഴ്സ് ഗ്രൂപ്പ്,തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം,തിരുവനന്തപുരം.

കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ